# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1723 — 10.03.2020 ൽ മറുപടിയ്ക്ക്

## ഹൈവേ പോലീസ് സംവിധാനം

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ദേശീയപാതകൾ കുരുതിക്കളമാകുമ്പോൾ അവിടെ ഗതാഗത സുരക്ഷിതത്വം ഒരുക്കേണ്ട ഹൈവേ പോലീസിന്റെ പരിശോധന വെറും വഴിപാടായി മാറുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) | ആക്ഷേപം വസ്തുതാപരമല്ല. ദേശീയ പാതകളിൽ ഹൈവേ പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. ഹൈവേ പോലീസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അപകട സാധ്യതയുള്ള മേഖലകളിൽ കൃത്യമായി വാഹനപരിശോധന നടത്തേണ്ട സ്ഥലവും സമയവും നിശ്ചയിച്ച് നൽകുകയും, വാഹനപരിശോധന നടത്തുന്നുണ്ടെന്ന് ഉറപ്പാക്കിയും വരുന്നു. വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി അമിത വേഗതയിലും, അശ്രദ്ധമായും, മദ്യപിച്ചും വാഹനമോടിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നതിനോടൊപ്പം ഹൈവേ പോലീസിന്റെ സഹായം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഉടനടി സഹായം നൽകിയും, കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. കഴിഞ്ഞ 3 വർഷത്തെ ഹൈവേ പോലീസിന്റെ വാഹനപരിശോധന സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു. |

| **വർഷം** | **ഹൈവേ പോലീസിന്റെ വാഹന പരിശോധന സംബന്ധിച്ച കണക്കുകൾ** | |
|---|---|---|
| | എടുത്ത പെറ്റി കേസുകളുടെ എണ്ണം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
| 2017 | 964591 | 3713 |
| 2018 | 791189 | 4513 |
| 2019 | 650281 | 5393 |

| | | | |
|---|---|---|---|
| (ബി) | നിലവിൽ എത്ര ഹൈവേ പോലീസ് യൂണിറ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തി-ക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ 53 ഹൈവേ പോലീസ് യൂണിറ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നത്. |
| (സി) | വണ്ടി ഇടവഴിയിൽ ഒതുക്കി പോലീസ് ഉദ്യോഗസ്ഥർ ഉറങ്ങുന്നതായും യാത്രക്കാരെ ഭീഷണിപ്പെടുത്തി പണം വാങ്ങുന്നതായും വിജിലൻ-സിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; | (സി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആലപ്പുഴ-ഓച്ചിറ റൂട്ടിൽ പ്രവർത്തനം നടത്തി വരുന്ന ഹൈവേ പട്രോൾ വാഹനത്തിൽ (KILO-33) 09/03/2019 ന് രാത്രി 02.30 മണിയോടുകൂടി വിജിലൻസ് സംഘം നടത്തിയ പരിശോധനയിൽ വാഹനത്തിന്റെ സമീപത്തു നിന്നും കിട്ടിയതായ 2500/- രൂപ അടങ്ങിയ ഒരു സിഗരറ്റ് പാക്കറ്റിനെക്കുറിച്ചുള്ള അന്വേഷണ നടപടികളുടെ ഭാഗമായി ടി ഹൈവേ പോലീസ് വാഹനത്തിൽ തത്സമയം ഡ്യൂട്ടിയിലുണ്ടായിരുന്ന മൂന്ന് ഉദ്യോഗസ്ഥരെ ഇടുക്കി ജില്ലയിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. കൂടുതൽ പരിശോധനകൾ ഇക്കാര്യത്തിൽ നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ ഹൈവേ കളിൽ പരിശോധന കർശനമാക്കി നിയമലംഘകരെ കണ്ടെത്തുന്നതിനും ഹൈവേ പോലീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്തെ ഹൈവേകളിൽ പരിശോധന കർശനമാക്കി നിയമലംഘകരെ കണ്ടെത്തുകയും, ഹൈവേ പോലീസ് സംവിധാനം കാര്യക്ഷമമാക്കി കർശന നടപടികളും സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**